## പതിമൂന്നാം കേരള നിയമസഭ

പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നം. *726 15-07-2014 ന് മറുപടിയ്ക്ക്

## നെല്ലിയാമ്പതിയിലെ ഭൂമി കയ്യേറ്റങ്ങൾ

| ചോദ്യം | മറുപടി |
|---|---|
| **ശ്രീ എ.കെ. ബാലൻ**<br>**ശ്രീ. എളമരം കരീം**<br>**ശ്രീ. എം. ചന്ദ്രൻ**<br>**പ്രൊഫ. സി. രവീന്ദ്രനാഥ്** | **ശ്രീ തിരുവഞ്ചൂർ രാധാകൃഷ്ണൻ**<br>**(ബഹു. വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി)** |
| (എ) വനഭൂമിയായി 1909-ൽ പ്രഖ്യാപിക്കപ്പെട്ട നെല്ലിയാമ്പതിയിലെ തോട്ടങ്ങൾ പിന്നീട് ഏതെങ്കിലും ഘട്ടത്തിൽ സ്വകാര്യവ്യക്തികൾ അന്യായമായി കൈവശപ്പെട്ടത്തിയതായി അറിവുണ്ടോ; | (എ) ഉണ്ട് |
| (ബി) നെല്ലിയാമ്പതിയിലെ അത്തരം ഭൂമി കയ്യേറ്റങ്ങളെല്ലാം അസാധുവാണെന്ന് സുപ്രീംകോടതി നിയോഗിച്ച ഉന്നതാധികാര സമിതി റിപ്പോർട്ടു ചെയ്തിട്ടുണ്ടായിരുന്നുവോ; | (ബി) ഉണ്ടായിരുന്നു. |
| (സി) നിയമവിരുദ്ധമായി കൈവശം വയ്ക്കുന്ന നെല്ലിയാമ്പതിയിലെ വനഭൂമികളെല്ലാം തിരിച്ചുപിടിക്കാൻ സാധ്യമായിട്ടുണ്ടോ; അവശേഷിക്കുന്നുണ്ടെങ്കിൽ അവ ഏതൊക്കെ; വിശദമാക്കാമോ; | (സി) പൂർണ്ണമായും സാധിച്ചിട്ടില്ല. പാട്ടക്കരാർ ലംഘനം കണ്ടെത്തിയ ചെറുനെല്ലി എസ്റ്റേറ്റ് ലോവർ (278.08 ഏക്കർ), രാജാക്കാട് (288.85 ഏക്കർ), മോങ്ക് വുഡ് (232.82 ഏക്കർ), കാരപ്പാറ-എ (541.29 ഏക്കർ), കാരപ്പാറ-ബി (577.2 ഏക്കർ) എന്നീ എസ്റ്റേറ്റുകളുടെ പാട്ടക്കരാർ റദ്ദ് ചെയ്ത് തോട്ടം സർക്കാരിലേയ്ക്ക് ഏറ്റെടുക്കുവാൻ ഉത്തരവായെങ്കിലും തോട്ടത്തിന്റെ കൈവശക്കാർ ബഹു. ഹൈക്കോടതിയെ സമീപിച്ച് സ്റ്റേ ഉത്തരവ് സമ്പാദിച്ചതിനാൽ തോട്ടങ്ങൾ സർക്കാരിലേയ്ക്ക് ഏറ്റെടുക്കുവാൻ കഴിഞ്ഞിട്ടില്ല. സ്റ്റേ ഉത്തരവ് നീക്കി കിട്ടുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. കൂടാതെ പാട്ടക്കരാർ ലംഘനം |

.......2

ശ്രദ്ധയിൽപ്പെട്ട അലക്സാണ്ട്രിയ-എ (8 ബിറ്റ് - 250 ഏക്കർ), അലക്സാണ്ട്രിയ-ബി (6 ബിറ്റ് - 251.75 ഏക്കർ), ചന്ദ്രമല (186.06 ഏക്കർ), മോങ്ക് വുഡ് (65.23 ഏക്കർ), ബ്രൂക്ക് ലാന്റ് (250 ഏക്കർ), വിക്ടോറിയ (619.45 ഏക്കർ), ബിയാട്രീസ് (33.68 ഏക്കർ), പുലയംപാറ (1.27 ഏക്കർ), പോത്തുപാറ (150.49 ഏക്കർ), കുമ്പളക്കോട് (306.55 ഏക്കർ), മണലാരു (621.59 ഏക്കർ), മണലാരു (കൊച്ചിൻ എസ്റ്റേറ്റ്) (609.93 ഏക്കർ), കോട്ടയങ്ങാടി (305.56 ഏക്കർ), കരടിമല (222.78 ഏക്കർ), ലില്ലി (213.58 ഏക്കർ), ചന്ദ്രമല (9 ഏക്കർ), ചന്ദ്രമല (0.11 ഏക്കർ) എന്നീ 29 എസ്റ്റേറ്റുകളുടെ പാട്ടക്കരാർ റദ്ദ് ചെയ്ത് തോട്ടങ്ങൾ സർക്കാരിലേയ്ക്ക് ഏറ്റെടുക്കുന്നതിനുള്ള നടപടികൾ പുരോഗമിച്ചു വരുന്നു. കൂടാതെ ചന്ദ്രമല എസ്റ്റേറ്റിന്റെ വടക്ക് ഭാഗത്തായി പുലയംപാറ പ്രദേശത്ത് സ്വകാര്യ വ്യക്തികൾ കയ്യേറിയ വനഭൂമി ഒഴിപ്പിക്കലിനെതിരെ കയ്യേറ്റക്കാർ കോടതിയുടെ സ്റ്റേ ഉത്തരവ് സമ്പാദിച്ചിട്ടുള്ളതിനാൽ ഒഴിപ്പിക്കാൻ കഴിഞ്ഞിട്ടില്ല. സ്റ്റേ ഉത്തരവ് നീക്കം ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.

| | | | |
|---|---|---|---|
| (ഡി) | നെല്ലിയാമ്പതി വില്ലേജിലെ കരുണാപ്ലാന്റേഷന് പാട്ടത്തിനു നൽകിയ 314.45 ഹെക്ടർ തോട്ടം പോബ്സ് എസ്റ്റേറ്റ് പ്രൈവറ്റ് ലിമിറ്റഡ് കമ്പനിയുടെ പേരിൽ കരം തീർക്കുന്നതിന് വനം വകുപ്പ് അനുമതി നൽകിയ തീരുമാനത്തിനെതിരെയുണ്ടായ ആക്ഷേപങ്ങൾ സംബന്ധിച്ച് അന്വേഷിക്കുകയുണ്ടായോ; അന്വേഷണ റിപ്പോർട്ട് ലഭ്യമാക്കുമോ? | (ഡി) | അന്വേഷണം പുരോഗമിച്ചു വരുന്നു. റിപ്പോർട്ട് ലഭ്യമായിട്ടില്ല. |

Adithyab

സെക്ഷൻ ഓഫീസർ